# ₹2000 ന്റെ ബാങ്ക് നോട്ടുകൾ പ്രചാരത്തിൽ നിന്നും പിൻവലിക്കൽ - അവലോകനം

1. മെയ് 19, 2023 ലെ 2023-2024/257 പത്രക്കുറിപ്പ് പ്രകാരം ₹2000 ന്റെ ബാങ്ക് നോട്ടുകൾ പ്രചാരത്തിൽ നിന്ന് പിൻവലിക്കുന്നതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) പ്രഖ്യാപിച്ചിരുന്നു. ഈ പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പൊതുജനങ്ങൾക്ക് മതിയായ സമയം നൽകുന്നതിനും സെപ്റ്റംബർ 30, 2023 വരെ ₹2000 ന്റെ നോട്ടുകൾ നിക്ഷേപിക്കാനും / മാറ്റി നൽകാനും ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഇഷ്യൂ ഡിപ്പാർട്ട്മെന്റുകളുള്ള (ആർബിഐ ഇഷ്യൂ ഓഫീസുകൾ) ആർബിഐയുടെ 19 റീജിയണൽ ഓഫീസുകളിലും (ആർഒ) ഈ കൈമാറ്റത്തിനുള്ള സൗകര്യം ലഭ്യമാക്കിയിരുന്നു. പിൻവലിക്കൽ പ്രക്രിയയുടെ സ്ഥിതിയെക്കുറിച്ച് പ്രതിമാസ പത്രക്കുറിപ്പുകൾ വഴി ആർബിഐ പൊതുജനങ്ങളെ അറിയിക്കുന്നുണ്ടായിരുന്നു.

2. ബാങ്കുകളിൽ നിന്നും ലഭിച്ച വിവരങ്ങളനുസരിച്ച് മെയ് 19, 2023 വരെ പ്രചാരത്തിലുണ്ടായിരുന്ന ₹3.56 ലക്ഷം കോടി രൂപയുടെ ₹2000 ന്റെ നോട്ടുകളിൽ 3.42 ലക്ഷം കോടി തിരിച്ചെത്തിയിട്ടുണ്ട്. സെപ്റ്റംബർ 29, 2023 ന് വ്യാപാരം അവസാനിക്കുമ്പോൾ <0.14 ലക്ഷം കോടി രൂപയുടെ നോട്ടുകൾ മാത്രമേ പ്രചാരത്തിൽ ശേഷിച്ചിരുന്നുള്ളൂ. അങ്ങനെ, മെയ് 19, 2023 വരെ പ്രചാരത്തിലുണ്ടായിരുന്ന ₹2000 ന്റെ നോട്ടുകളുടെ 96% തിരിച്ചെത്തുകയുണ്ടായി.

3. പിൻവലിക്കൽ പ്രക്രിയയ്ക്കു വേണ്ടി നിശ്ചയിച്ച കാലയളവ് അവസാനിച്ചതിനാൽ, ഒരു പുനരവലോകനത്തിന്റെ അടിസ്ഥാനത്തിൽ, ₹2000 ന്റെ നോട്ടുകളുടെ നിക്ഷേപത്തിന്/ കൈമാറ്റത്തിനുള്ള നിലവിലെ ക്രമീകരണം ഒക്ടോബർ 07, 2023 വരെ നീട്ടാൻ തീരുമാനിച്ചു. ഒക്ടോബർ 08, 2023 മുതൽ ₹2000 ന്റെ നോട്ടുകളുടെ നിക്ഷേപത്തിന്/ കൈമാറ്റത്തിനുള്ള നടപടിക്രമം ഇപ്രകാരമായിരിക്കും:

എ) ബാങ്ക് ബ്രാഞ്ചുകളിലെ നിക്ഷേപം/കൈമാറ്റം നിർത്തലാക്കും.

ബി) 19 ആർബിഐ ഇഷ്യൂ ഓഫീസുകളിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഒരേസമയം ₹20,000/- പരിധി വരെയുള്ള ₹2000 ന്റെ നോട്ടുകൾ കൈമാറ്റം ചെയ്യുന്നത് തുടരാം.

സി) ഇന്ത്യയിലെ തങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഏത് തുകയും ക്രെഡിറ്റ് ചെയ്യുന്നതിനായി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും 19 ആർബിഐ ഇഷ്യൂ ഓഫീസുകളിൽ ₹2000 ന്റെ നോട്ടുകൾ നിക്ഷേപിക്കാം.

ഡി) രാജ്യത്തിനകത്തുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഇന്ത്യയിലെ തങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനായി ഇന്ത്യാ പോസ്റ്റ് വഴി ₹2000 ന്റെ നോട്ടുകൾ അയയ്ക്കാനും സാധിക്കും.

ഇ) ഇത്തരം കൈമാറ്റം അല്ലെങ്കിൽ ക്രെഡിറ്റ് ബന്ധപ്പെട്ട ആർബിഐ/സർക്കാർ നിയന്ത്രണങ്ങൾ, സാധുവായ തിരിച്ചറിയൽ രേഖകൾ സമർപ്പിക്കൽ, ഉചിതമെന്ന് ആർബിഐ കരുതുന്ന ജാഗ്രത എന്നിവയ്ക്ക് വിധേയമായിരിക്കും.

എഫ്) കോടതികൾ, നിയമ നിർവ്വഹണ ഏജൻസികൾ, സർക്കാർ വകുപ്പുകൾ അല്ലെങ്കിൽ അന്വേഷണ നടപടികളിലോ എൻഫോഴ്സ്മെന്റിലോ ഉൾപ്പെട്ടിരിക്കുന്ന മറ്റ് ഏതെങ്കിലും പൊതു അതോറിട്ടി മുതലായവർക്ക് 19 ആർബിഐ ഇഷ്യൂ ഓഫീസുകളിൽ എവിടെയും ₹2000 ന്റെ നോട്ടുകൾ ആവശ്യാനുസരണം യാതൊരു പരിധിയുമില്ലാതെ നിക്ഷേപിക്കാം/കൈമാറ്റം ചെയ്യാം.

4. ₹2000 ന്റെ നോട്ടുകൾ നിയമപരമായി നിലനിൽക്കും.

5. 19 ആർബിഐ ഇഷ്യൂ ഓഫീസുകളിൽ ₹2000 ന്റെ നോട്ടുകൾ നിക്ഷേപിക്കുന്നതിന്/ കൈമാറ്റം ചെയ്യുന്നതിനുള്ള മുകളിൽ പറഞ്ഞ സൗകര്യം ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ലഭ്യമായിരിക്കും.

6. പൊതുജനങ്ങളോട് ഇനിയും കാലതാമസം കൂടാതെ ₹2000 ന്റെ നോട്ടുകൾ നിക്ഷേപിക്കുവാൻ / കൈമാറ്റം ചെയ്യുവാൻ നിർദ്ദേശിക്കുന്നു.

7. പൊതുജനങ്ങളുടെ അറിവിനും സൗകര്യത്തിനുമായി ഈ വിഷയത്തിൽ പതിവായി ചോദിക്കുന്ന ചോദ്യങ്ങളെ (എഫ്എക്യു) കുറിച്ചുള്ള ഒരു പുതുക്കിയ രേഖ ആർബിഐ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.